വനിതാ കമ്മീഷന്റെ ഇപ്പോഴത്തെ പ്രവർത്തനം

5 [443] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും അവർക്കെതിരെയുള്ള കടന്നാക്രമണങ്ങൾ ലഘൂകരിക്കുന്നതിനും കേരള വനിതാ കമ്മീഷന്റെ ഇപ്പോഴത്തെ പ്രവർത്തനം എത്രത്തോളം സഹായകരമാകുന്നുണ്ട് എന്ന് വിശദമാക്കാമോ;

(ബി) സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് ഇപ്പോഴത്തെ വനിതാ കമ്മീഷൻ നൽകിയ ശുപാർശകൾ എന്തൊക്കെയാണ്; അവയിൽ നടപ്പിലാക്കിയവ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കേരള വനിതാ കമ്മീഷൻ കേരളത്തിലെ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും അവർക്കെതിരെയുള്ള അക്രമങ്ങൾ തടയുവാനും നിതാന്ത ജാഗ്രത പുലർത്തിവരുന്നു. വനിതകൾക്കുനേരെ ഭീഷണി ഉണ്ടാകുന്നതായി പരാതി ലഭിച്ചാലുടൻ തന്നെ ബന്ധപ്പെട്ട കക്ഷികളെ നോട്ടീസ് അയച്ച് വിളിച്ചു വരുത്തുകയും അത് അവസാനിപ്പിക്കാനുള്ള നടപടികൾ എടുത്തുവരുകയും ചെയ്യുന്നു. കൂടാതെ സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ പോലീസ് മുഖേന അമർച്ച ചെയ്യാനും നടപടി സ്വീകരിച്ചുവരുന്നു. കേരള വനിതാ കമ്മീഷനിൽ ലഭിച്ചിട്ടുള്ള എല്ലാ കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്. കേരളത്തിലെ സ്ത്രീകളുടെ സാമൂഹ്യസുരക്ഷയ്ക്കും ശാക്തീകരണത്തിനും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ കമ്മീഷൻ തുടർന്നുവരുന്നുണ്ട്.

(ബി) സ്ത്രീകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഇപ്പോഴത്തെ വനിതാ കമ്മീഷൻ 52 ശുപാർശകൾ നൽകിയിട്ടുണ്ട്. അതിൽ 7 എണ്ണം നടപ്പിലാക്കി. (വിശദവിവരം അനുബന്ധമായി വച്ചിട്ടുണ്ട്.) †

സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ

6 [444] *ശ്രീ. എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പിൽ നിന്നും ഏതെല്ലാം ആനുകൂല്യങ്ങളാണ് വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ;

---

† അനുബന്ധം VII

GPM. 2/573/2012—9

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഓരോ ഇനത്തിലും എത്ര രൂപ വീതം കുടിശ്ശിക നിലവിലുണ്ട്;

(സി) ഓരോ ഇനത്തിലും ലഭിച്ചിട്ടുള്ള അപേക്ഷകൾ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഏത് വർഷം വരെയുള്ള അപേക്ഷകൾക്ക് തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)--(ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സാമൂഹ്യക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന ക്ഷേമ പെൻഷനുകൾ

7 [445] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമവകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്നും ഓരോ ക്ഷേമ പദ്ധതികളിലും എത്ര വീതം ഗുണഭോക്താക്കളുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) 2001 മെയ് മാസത്തിനുശേഷം ഏതെല്ലാം ക്ഷേമ പെൻഷനുകളുടെ തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടെന്നും വർദ്ധനവ് എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ക്ഷേമ പെൻഷനുകൾ കുടിശ്ശികയുണ്ടെന്നും ഓരോന്നിനും എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും കുടിശ്ശിക വിതരണം ചെയ്യുവാൻ എത്ര തുക വേണ്ടിവരുമെന്നും വ്യക്തമാക്കുമോ;

(ഡി) 2001 മെയ് മാസത്തിനുശേഷം പുതുതായി ഏതെങ്കിലും ക്ഷേമ പെൻഷൻ പദ്ധതികൾ ആരംഭിക്കുകയുണ്ടായിട്ടുണ്ടോയെന്നും അതിന്റെ ഗുണഭോക്താക്കൾ എത്രയെന്നും പ്രസ്തുത പദ്ധതിയുടെ പ്രതിമാസ പെൻഷൻ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly